22-ാം ദിവസം

# ആത്മീയചിന്ത ശകലങ്ങൾ

കനാന്യസ്ത്രീ ശപിക്കപ്പെട്ടവളാണെങ്കിലും യേശുവിനെപ്പററി നല്ലതുപോലെ അറിഞ്ഞിരിക്കുന്നു. ആത്മീയഅറിവിനെ ആരാധനയാക്കി മാററാൻ കഴിയണം. ശാപത്തെ നീക്കുവാനും പാപത്തെ മോചിക്കുവാനും സകലവും കഴിയുന്നവനാണ് യേശു എന്ന് ഉറച്ചു വിശ്വസിക്കുന്ന അവളുടെ സമീപനത്തെ മാനിച്ചാണ് യേശു അവളുടെ മകൾക്ക് സൗഖ്യവും ശാപമോക്ഷവും കൊടുത്തത്. മുടിയനായ പുത്രൻ തിരികെ വന്ന് അപ്പന്റെ വേലക്കാരിൽ ഒരാളെപ്പോലെ കരുതണമെന്ന് അപേക്ഷിക്കുന്നു. ഇവിടെയും മേശപ്പുറത്തു നിന്നു വീഴുന്ന അപ്പത്തിന്റെ നുറുക്കുകൾ കൊണ്ട് സംതൃപ്തി അണയുവാൻ അവൾ ആഗ്രഹിക്കുന്നു. വിശ്വാസത്തിന്റെ വലിപ്പത്തിലല്ല, മറിച്ച് ഉറപ്പിലാണ് കാര്യം. കടുകുമണിയുടെ അത്രയും വലിപ്പം ആയാലും കാഠിന്യത്തിലാണ് വിശ്വാസത്തിന്റെ വ്യപ്തി കാണുന്നത്. ആവശ്യകത യാചനയുടെയും അപേക്ഷയുടെയും രൂപത്തിൽ സ്തോത്രത്തോടെ അർപ്പിക്കുകയും നന്ദി പറയുകയും ചെയ്യണം. കർത്താവിൽ നിന്ന് ലഭിക്കുന്ന അനുഗ്രഹം എത്ര ചെറുത് ആയാലും ലഭിക്കുന്ന പ്രമോദം വളരെ വലുതാണ്. വിശ്വാസം നഷ്ടപ്പെടാതെ, സകലവും കർത്താവിന്റെ ഹിതത്തിനായി സമർപ്പിച്ച്, ദൈവനാമമഹത്വത്തിനായി ഇടയാകണം. ദൈവംതമ്പുരാൻ നമ്മെ എല്ലാവരെയും സഹായിച്ച് അനുഗ്രഹിക്കട്ടെയെന്നു ആശംസിക്കുന്നു.

പ്രാർത്ഥനയോടെ,
ബിജോയ് ശാമുവേൽ അബുദാബി

Leviticus 16:2-10; Job 24:1-17; 2 Kings 12:7-18; Amos 6:1-19; Acts 14:19-15:3; 2 Cor. 11:1-15;
St. Mark 12:35-44;

വലിയ നോമ്പ് 2017